# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1257 13.07.2016 - ൽ മറുപടിക്ക്

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ

**ചോദ്യം**

ശ്രീ. എം. സ്വരാജ്

(എ) സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്ന് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് എത്ര ശതമാനമാണ് നീക്കിവെച്ചിട്ടുള്ളത്; വിശദമാക്കാമോ;

**ഉത്തരം**

ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

(എ) 5.4.2010-ലെ G.O. (P) 12/10/P&ARD നമ്പർ ഉത്തരവ് പ്രകാരം PSC നടത്തുന്ന മത്സര പരീക്ഷയിൽ 40 ശതമാനത്തിൽ കുറയാതെ മാർക്ക് ലഭിക്കുന്ന Class IV തസ്തികയിൽ ഉൾപ്പെട്ടവർക്കും, സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർക്കും L.D.Typist, L.D.Clerk, Typist Clerk, Copyist എന്നീ തസ്തികകളിലെ 10% ഒഴിവുകൾ By transfer നിയമനം നൽകുന്നതിനായി നീക്കിവച്ചിട്ടുണ്ട്. ഇതിന് പുറമെ 3.1.2014-ലെ G.O. (P) 1/14/P&ARD നമ്പർ ഉത്തരവ് പ്രകാരം ഓരോ വകുപ്പിലെയും L.D.Clerk/L.D.Typist തസ്തികകളുടെ അംഗബലത്തിന്റെ 10% അതാത് വകുപ്പുകളിലെ Last Grade Service-ൽ ഉൾപ്പെട്ടവർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും (L.D.Clerk/L.D.Typist എന്നീ തസ്തികകളുടെ ശമ്പളത്തേക്കാൾ താഴ്ന്ന ശമ്പള സ്കെയിലിലുള്ളവർ) തസ്തികമാറ്റം വഴി നിയമനം നൽകുന്നതിനായി ഉത്തരവായിരുന്നു. ഇപ്രകാരമുള്ള തസ്തികമാറ്റ നിയമനം

| | | | |
|---|---|---|---|
| | | | നടത്തേണ്ടത് ജില്ലാതലത്തിലാണ്. എന്നാൽ എല്ലാ ജില്ലാ/മേഖലാ തലങ്ങളിലും L.D.Clerk/L.D.Typist തസ്തികകളുടെ അംഗബലത്തിന്റെ 10% നീക്കിവയ്ക്കാൻ കഴിയാത്ത വകുപ്പുകളിൽ ടി തസ്തികകളിൽ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10% തസ്തികമാറ്റ നിയമനത്തിനായി മാറ്റിവയ്ക്കാൻ 28.5.2015-ലെ G.O. (P) 16/15/P&ARD നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (ബി) | ഇതിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനറി വകുപ്പിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ അറിയിക്കാമോ; | | <u>(ബി)-യും, (സി)-യും</u><br>28.5.2015-ലെ G.O. (P) 16/15/P&ARD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റേഷനറി വകുപ്പിൽ 23.07.2015-ലെ 8473/ഇ2/15/സ്റ്റേ. നമ്പർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം നടത്തിയിട്ടുണ്ട്. |
| (സി) | ഇപ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; | (ഡി) | Last Grade ജീവനക്കാർക്ക് അർഹമായ പ്രൊമോഷൻ യഥാസമയം നൽകുന്നുണ്ട്. |
| (ഇ) | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിന്നും സ്റ്റേഷനറി വകുപ്പിൽ ഇപ്രകാരം ഉദ്യോഗക്കയറ്റം ലഭിക്കുന്ന നിലവിലുള്ള തസ്തികകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഇ) | സ്റ്റേഷനറി വകുപ്പിൽ Last Grade തസ്തികയിൽ നിന്നും ഉദ്യോഗക്കയറ്റം ലഭിക്കുന്ന നിലവിലുള്ള തസ്തികകൾ Packer, Store Assistant, Store Attender, Clerk എന്നിവയാണ്. |
| (എഫ്) | ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഹയർ ഗ്രേഡ് യഥാസമയം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | സ്റ്റേഷനറി വകുപ്പിൽ യഥാസമയം ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ